(എഫ്) മേല്പറഞ്ഞ 4, 5 എന്നീ ഇനങ്ങളിലെ സ്ഥാപനങ്ങൾ യോഗ്യരായ സർക്കാർ സ്ഥാപനങ്ങൾ എന്ന നിലയിൽ പ്രസ്തുത ജോലി അവരെ നേരിട്ട് ഏൽപ്പിക്കുകയാണ് ഉണ്ടായത്. എന്നാൽ മറ്റുള്ളവരെ കണ്ടെത്തുന്നതിന് ലോകബാങ്ക് മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി വിവിധ സ്ഥാപനങ്ങളിൽ നിന്ന് മത്സര രീതിയിലുള്ള ധനകാര്യ നിർദ്ദേശങ്ങളും അവരവരുടെ യോഗ്യത തെളിയിക്കുന്ന രേഖകളും സ്വീകരിച്ച് അർഹരായവർക്ക് ജോലി ഏൽപ്പിച്ച് കൊടുക്കുകയാണുണ്ടായത്.

മിനിമം കൂലി നിശ്ചയിക്കാൻ നടപടി

27 (*205) ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം വിഭാഗം തൊഴിലാളികൾക്കാണ് മിനിമം കൂലി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത് ;

(ബി) സർക്കാർ പ്രഖ്യാപിച്ച മിനിമം കൂലി ലഭിക്കാത്തതായ ഏതെങ്കിലും തൊഴിലാളി വിഭാഗം സംസ്ഥാനത്തുണ്ടോ ; എങ്കിൽ അവ ഏതെല്ലാം വിഭാഗമെന്ന് വ്യക്തമാക്കുമോ ;

(സി) ഈ വിഭാഗത്തിന് മിനിമം കൂലി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) മിനിമം കൂലി പ്രഖ്യാപിച്ചിട്ടുള്ള തൊഴിൽ മേഖലകൾ അനുബന്ധമായി ചേർത്തിരിക്കുന്നു†.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മിനിമം വേതനം ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ നടപടികൾ സ്വീകരിക്കാറുണ്ട്.

സഹകരണ സ്ഥാപനങ്ങളിലൂടെയുള്ള പാചകവാതക വിതരണം

28 (*206) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. പി. രാഘവൻ :
ശ്രീ. എം. എ. തോമസ് :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലൂടെയുള്ള പാചകവാതക വിതരണം സുഗമമാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി പുതിയ പാചകവാതക ബോട്ടിലിംഗ് പ്ലാന്റുകൾ ആരംഭിച്ചുവോ ; എങ്കിൽ എവിടെയൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലൂടെ ഇതിനകം എത്ര ഉപഭോക്താക്കൾക്ക് പാചകവാതക വിതരണം നടത്തിവരുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര എന്ന് വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് കൂടുതൽ ഉപഭോക്താക്കൾക്ക് പാചകവാതക വിതരണം ചെയ്യുന്നതിന് ഉദ്ദേശമുണ്ടോ ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ&ബി) നീതിസ്റ്റോറുകൾ വഴി കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ പാചകവാതക വിതരണത്തിന്റെ വിതരണ ചുമതല രണ്ട് സ്വകാര്യകമ്പനികൾക്കാണ് സംസ്ഥാന കൺസ്യൂമർ ഫെഡറേഷൻ ആദ്യം നല്കിയിരുന്നത്. എന്നാൽ കരാറുകാർ വിതരണത്തിൽ വീഴ്ചവരുത്തിയതിനാലും ഈ രംഗത്തെ ആവശ്യകതയുടെ കൂടുതലും വ്യാപാര രംഗത്തെ സാദ്ധ്യതകളും കണക്കിലെടുത്ത് കൺസ്യൂമർ ഫെഡറേഷൻ സ്വന്തമായി എൽ.പി.ജി. ബോട്ടിലിംഗ് പ്ലാന്റുകൾ തുടങ്ങുന്നതിന് പദ്ധതിക്ക് രൂപമിടുകയും അതിൻപ്രകാരം പാലക്കാട് ജില്ലയിൽ ഒരു ബോട്ടിലിംഗ് പ്ലാന്റ് വാങ്ങി അതിൽനിന്നും 2000 മേയ് 27 മുതൽ പുതിയ ഗ്യാസ് കണക്ഷൻ നല്കി തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ കണ്ണൂർ ജില്ലയിലും കൊല്ലം ജില്ലയിലും ഓരോ ബോട്ടിലിംഗ് പ്ലാന്റുകൾ കൂടി സ്ഥാപിക്കുവാൻ കൺസ്യൂമർ ഫെഡറേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾവഴി കൺസ്യൂമർ ഫെഡറേഷൻ ഇതിനകം 68894 ഉപഭോക്താക്കൾക്ക് പാചകവാതക കണക്ഷൻ നല്കി പാചകവാതകം വിതരണം ചെയ്തുവരുന്നു.

(ഡി) സംസ്ഥാനത്ത് കൂടുതൽ ഉപഭോക്താക്കൾക്ക് സഹകരണ മേഖലയിലൂടെ പാചകവാതക കണക്ഷൻ നല്കുന്നതിനുദ്ദേശിക്കുന്നുണ്ട്. പാലക്കാട് സ്ഥാപിച്ച പ്ലാന്റിൽ നിന്നും ഇനിയും 32000 ഉപഭോക്താക്കൾക്ക് കൂടി പാചകവാതക കണക്ഷൻ നല്കുവാൻ കഴിയുന്നതാണ്. ഇപ്പോഴും പുതിയ ഗ്യാസ്കണക്ഷനുവേണ്ടി കൺസ്യൂമർ ഫെഡറേഷനിൽ അപേക്ഷകൾ ലഭിക്കുന്നുണ്ട്. അപ്രകാരം അപേക്ഷിക്കുന്നവർക്ക് പരമാവധി ഒരു മാസത്തിനുള്ളിൽ ഗ്യാസ്കണക്ഷൻ നല്കുവാൻ കഴിയുന്നുണ്ട്. നിലവിലുള്ള ബോട്ടിലിംഗ് പ്ലാന്റിന് പുറമേ കണ്ണൂർ ജില്ലയിലും കൊല്ലം ജില്ലയിലും കൂടി ഓരോ ബോട്ടിലിംഗ് പ്ലാന്റുകൾ സ്ഥാപിക്കുവാൻ കൺസ്യൂമർ ഫെഡറേഷൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly